പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗം- ജീവനക്കാര്യം- സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ HSST(ജൂനിയർ) (ENGLISH)General. തസ്തികയിൽ 32300-68700 രൂപ ശമ്പള സ്കെയിലിൽ പി. എസ്. സി മുഖേന നേരിട്ടുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ: എഡിബി4/6769/16/എച്ച്എസ്ഇ

തീയതി: 07/01/2021

പരാമർശം: 1. 16/04/2001 തീയതിയിലെ ജി. ഒ (പി) 144/2001/ പൊ.വി.വ നമ്പർ ഉത്തരവ്
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സെക്രട്ടറിയുടെ 07/01/2020 തീയതിയിലെ ആർഐഡി(1)4541/19/ജിഡബ്ലിയു നമ്പർ കത്ത്

ഉത്തരവ്

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗത്തിൽ HSST(ജൂനിയർ)ENGLISH തസ്തികയിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ചട്ടം (3) (സി) 10 (ബി) വകുപ്പുകളുടെ നിബന്ധനകൾക്ക് വിധേയമായി 32300-68700 രൂപ ശമ്പള സ്കെയിലിൽ പരാമർശം (2) പ്രകാരം കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിയമനോപദേശം നൽകിയ താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്കൂളുകളിൽ നിയമിച്ച് ഉത്തരവാകുന്നു.

ക്രമ നമ്പർ	പേരും വിലാസവും	രക്ഷകർത്താവിന്റെ / പിതാവിന്റെ പേര്	ജനന തീയതി	വിദ്യാഭ്യാസ യോഗ്യത/ ജാതി/ സമുദായം	നിയമിക്കപ്പെട്ട ടേൺ	നിയമനം നൽകിയിരിക്കുന്ന സ്കൂളിന്റെ പേരും കോഡും
1	2	3	4	5	6	7
7	FABEELA C K Changanakkattil House Ottathara Kodur P O Malappuram 676504	Mohamedali C K	30/05/1989	. MA English. . BEd English. . SET. (MUSLIM)	OC	11028 - GOVT HSS, POOKKOTTOOR, MALAPPURAM

ഈ നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, സിവിൽ സർജൻറെ റാങ്കിൽ കുറയാത്ത ഒരു രജിസ്റ്റേർഡ് മെഡിക്കൽ ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) അംഗ പരിമിതനാണെന്ന മെഡിക്കൽ ബോർഡിൻറെ സർട്ടിഫിക്കറ്റ് (നിയമന ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ സഹിതം, ഈ ഉത്തരവ് കൈപ്പറ്റി സ്കൂൾ തുറന്ന റെഗുലർ ക്ലാസുകൾ ആരംഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതാണ്. നിയമനം ലഭിച്ച സ്കൂളിലേക്ക് അടുത്ത പൊതു സ്ഥലം മാറ്റത്തിലോ/കോടതി /സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അദ്ധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്ന പക്ഷം നിയമനം ലഭിച്ചിട്ടുള്ള ടി ഉദ്യോഗാർത്ഥിയെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകർ ഇവരുടെ നിയമനം conditional എന്ന് dhsetransfer ൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ നിയമനം കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ (10(B)പ്രകാരം ചട്ടം 9 ഉപചട്ടം (2) ക്ലോസ് (1) , 05/03/1974 ലെ ജി.ഒ(പി) നമ്പർ 49/74/പി.ഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരം തീർത്തും താൽക്കാലികമായിരിക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും പരിശോധനാ റിപ്പോർട്ടിന് വിധേയമായിരിക്കും നിയമനം. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദ് ചെയ്യുന്നതാണ്.

നിലവിൽ ജനന തീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം ആയത് തിരുത്തി കിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07/01/2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 20/2013/ഫിൻ പ്രകാരം നിലവിൽ വന്ന നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

മറുപുറം